(സി) പൊതു ആവശ്യഫണ്ട് മാത്രം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവ നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നിയമാനുസരണം പിൻവലിക്കുന്ന രീതിയാണ് നിലവിലുള്ളത്.

(ഡി) കണക്കെടുത്തിട്ടുണ്ട്. 2014-15-ൽ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ പദ്ധതി തുടർ പ്രവർത്തനത്തിനായി 1,96,365.29 ലക്ഷം രൂപയാണ് മാറ്റിവച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള കേസ്സുകൾ

279 (1652) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള എത്ര കേസ്സുകൾ ഓംബുഡ്സ്മാന്റെ മുന്നിൽ എത്തിയെന്നും അവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

ഇതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു :

വർഷം	ആകെ രജിസ്റ്റർ ചെയ്ത കേസുകൾ	ആകെ തീർപ്പാക്കിയത്
2011-12	1961	2174 മുൻ വർഷം ഉൾപ്പെടെ
2012-13	2044	2592 ,,
2013-14	2142	2221 ,,
2014-15	1907	1604 ,,

ഖരമാലിന്യങ്ങൾ സംസ്കരണ പദ്ധതി

280 (1653) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി നിർവ്വഹണത്തിന് ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ ഖരമാലിന്യങ്ങൾ സാംസ്കരിക്കുന്നതിന് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും : ഗ്രാമപഞ്ചായത്തുകളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രീകൃതമായ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപണികളും നടത്തുന്നതിന് സഹായം നൽകുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നിരവധി ഗ്രാമ പഞ്ചായത്തുകൾക്ക് സഹായം നൽകിയിട്ടുണ്ട്.

2. കമ്മ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ : വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകാനും കേന്ദ്രീകൃത പ്ലാന്റിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണീ പദ്ധതി. ഗ്രാമ പഞ്ചായത്തിലെ ഒരു വാർഡിലോ, മാർക്കറ്റ് പോലുള്ള പൊതു ഇടങ്ങളിലോ വികേന്ദ്രീകൃതമായ, കമ്മ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. തുമ്പൂർമൂഴി മാതൃകയിലുള്ള ഫെറോ സിമന്റ് ബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിച്ചുവരുന്നു. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലേക്ക് സഹായം നൽകുവാൻ കഴിയും.

3. ഗാർഹികതല ഉറവിട മാലിന്യ സംസ്കരണം : വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നിർവ്വഹണത്തിനായി ബയോ-ഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന കമ്പോസിറ്റിംഗ് പ്രോജക്ടുകൾക്ക് ശുചിത്വമിഷൻവഴി 75% സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനംവഴി 15% സബ്സിഡിയും നൽകിവരുന്നു. അതുപോലെ ബയോഗ്യാസ് പ്ലാന്റുകൾക്ക് ശുചിത്വമിഷൻവഴി 50% സബ്സിഡിയും ഗ്രാമപഞ്ചായത്ത്വഴി 25% സബ്സിഡിയും നൽകിവരുന്നു. നാളിതുവരെ സംസ്ഥാനത്തെ 805 ഗ്രാമ പഞ്ചായത്തുകൾക്ക് ഈ പ്രോജക്ടിന്റെയടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി : അജൈവ മാലിന്യം ശേഖരിക്കുന്നതിനും തരംതിരിച്ച് പരിപാലിക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം സൃഷ്ടിക്കൽ. അജൈവ മാലിന്യ പരിപാലനത്തിനായി ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം സൃഷ്ടിക്കാവുന്നതാണ്. ഗാർഹിക തലത്തിലും വ്യാപാര സ്ഥാപനങ്ങളിലുമൊക്കെ ഉണ്ടാകുന്ന അജൈവ മാലിന്യം ശേഖരിച്ച് തരം തിരിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രത്തിൽ എത്തിക്കുകയും അവിടെ നിന്ന് പുനഃചംക്രമണത്തിനായി അതാത് പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുന്നതിനും ഉള്ള പൊതു സൗകര്യമാണ് ഇത്. ഇക്കാര്യത്തിലേക്ക് ഒരു പഞ്ചായത്തോ ഒന്നിലധികം പഞ്ചായത്തുകൾ ക്ലസ്റ്റർ മാതൃകയിലോ പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കാവുന്നതാണ്.

5. അറവുശാലകൾ : ഗ്രാമപഞ്ചായത്തുകളിൽ ശാസ്ത്രീയമായ രീതിയിലുള്ള ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗ/പ്രതിനിധികൾക്ക് പരിശീലനവും പദ്ധതി തയ്യാറാക്കി മുന്നോട്ട് വരുന്ന പഞ്ചായത്തുകൾക്ക് സാങ്കേതിക അനുമതിയും പ്രോജക്ട് നിർവ്വഹണത്തിനുള്ള സാങ്കേതിക സഹായവും ശുചിത്വ മിഷൻ മുഖേന നൽകിവരുന്നു. ഇക്കാര്യത്തിലേക്ക് ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ വഴി സാമ്പത്തിക സഹായവും ലഭ്യമാക്കുവാൻ കഴിയും.

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്:

1. സ്രോതസ്സിലുള്ള മാലിന്യ തരംതിരിവ്

2. ജൈവ മാലിന്യങ്ങളുടെ ഗാർഹിക തല സംസ്കരണം പ്രോത്സാഹിപ്പിക്കുക.

3. ഉറവിടത്തിൽത്തന്നെ ജൈവമാലിന്യം സംസ്കരിച്ച് വികേന്ദ്രീകൃത/പൊതു പ്ലാന്റുകളിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക.

4. വികേന്ദ്രീകൃതമായ മാലിന്യ പരിപാലനത്തിലൂടെ കാര്യക്ഷമമായ മാലിന്യ പരിപാലനം.

5. പുനരുപയുക്ത മാലിന്യങ്ങളുടെ ശേഖരണവും പുനരുപയോഗവും, പുനഃചംക്രമണത്തിനു കൈമാറലും.

6. ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകൾ സജ്ജീകരിക്കലും ആരോഗ്യ സുരക്ഷിതത്വവും.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംസ്ഥാന, ജില്ലാ ശുചിത്വ മിഷൻ സഹകരിക്കുന്നു.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുന്നു. ആയതിന് ശുചിത്വമിഷൻ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സർക്കാർ വിഹിതവും ശുചിത്വമിഷൻവഴി നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ അക്രഡിറ്റഡ് ഏജൻസി വഴിയോ അംഗീകൃത സേവന ദാതാക്കൾ വഴിയോ ക്രമപ്രകാരം നിർവ്വഹണം നടത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

281 (1654) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻവഴി ലഭിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ശുചീകരണ പ്രവർത്തനത്തിന് ഫണ്ട് ചെലവഴിക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ 51 മുനിസിപ്പാലിറ്റികൾക്കായി 1,74,25,627 രൂപയും, 5 കോർപ്പറേഷനുകൾക്കായി 71,78,960 രൂപയും, 785 ഗ്രാമപഞ്ചായത്തുകൾക്കായി 11,50,81,052 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) 2014-15-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ വഴി ലഭിച്ച തുക

കോർപ്പറേഷൻ/മുൻസിപ്പാലിറ്റി - രൂ. 2,46,04,587

ഗ്രാമപഞ്ചായത്ത് - രൂ. 11,50,81,052

LIBRARY ARCHIVES Kerala Legislative Assembly